# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2449   06.12.2018-ൽ മറുപടിയ്ക്ക്

**<u>നവകേരള ഭാഗ്യക്കുറി</u>**

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ലോട്ടറി വകുപ്പ് ആവിഷ്കരിച്ച നവകേരള ഭാഗ്യക്കുറിയുടെ വില്പന വഴി ഏജന്റ് കമ്മീഷനും പ്രൈസ് തുകയും വിതരണം ചെയ്ത ശേഷം എത്ര തുക സർക്കാരിലേക്ക് ലഭിച്ചു; ഈ തുക ദുരിതാശ്വാസ നിധിയിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അധിക ധന സമാഹരണാർത്ഥം ഭാഗ്യക്കുറി വകുപ്പ് ആവിഷ്കരിച്ച നവകേരള ഭാഗ്യക്കുറിയുടെ (NK-1) വിൽപ്പനയിലൂടെ ആകെ 36.10 കോടി രൂപയാണ് ലഭിച്ചത്. അതിൽ 16.57 കോടി രൂപയോളം അറ്റാദായമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുകയും ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽ നിന്ന് പണം പിൻവലിച്ച് നൽകുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. |
| (ബി) | ഇല്ലെങ്കിൽ ഈ തുക സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി തന്നെ ഉപയോഗിക്കപ്പെടുമെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ തുക സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ